പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5690 18.11.2019 ൽ മറുപടിയ്ക്ക്

# കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇലക്ട്രോണിക് വീൽ ചെയർ

ചോദ്യം മറുപടി

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്ന് വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ഇലക്ട്രോണിക് വീൽ ചെയറിനുവേണ്ടി നൽകിയ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; 2016 ജനുവരി മുതൽ എത്ര അപേക്ഷകൾ നാളിതുവരെയായി ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകളിൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ശുഭയാത്ര പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രോണിക് വീൽചെയർ ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങിയത് 7.12.2018 മുതലാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 5.1.2019 വരെയായിരുന്നു. ടി കാലയളവിനുള്ളിൽ ഇലക്ട്രോണിക് വീൽചെയർ ലഭിക്കുന്നതിന് കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്നും 15 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ നാല് അപേക്ഷകൾ Quadripareses വിഭാഗത്തിലും ഒരു അപേക്ഷ Triplegea -Second opinion ലഭിക്കേണ്ടുന്ന വിഭാഗത്തിലും മറ്റ് അപേക്ഷകൾ others (Paraplegea ഉൾപ്പെടെയുള്ള ചലന പരിമിതികൾ) വിഭാഗത്തിലുമാണ് വിദഗ്ധ ഡോക്ടർമാർ അടങ്ങിയ സമിതി പരിശോധിച്ച് വിഭാഗീകരിച്ചിട്ടുള്ളത്. ഇലക്ട്രോണിക് വീൽചെയർ വിതരണം ആരംഭിച്ചിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രയോറിറ്റി ലിസ്റ്റ് സെലക്ഷൻ കമ്മിറ്റി അംഗീകാരത്തോടെ ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) എം.എൽ.എ. യുടെ കവറിംഗ് ലെറ്റർ ഉൾപ്പെടെയുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമായ വിവരം ലഭ്യമാക്കാമോ; | (ബി) എം.എൽ.എ. യുടെ കവറിംഗ് ലെറ്റർ സഹിതം മുഹമ്മദ് നബീൽ.വി.ടി, വെള്ളിയപ്പൻതൊടി, തിരൂർ, കുറ്റിപ്പുറം, മലപ്പുറം, മുഹമ്മദ് നിഹാൽ.വി.ടി, വെള്ളിയപ്പൻതൊടി, പേരശന്നൂർ, കുറ്റിപ്പുറം, മലപ്പുറം എന്നീ 2 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) എം.എൽ.എ. യുടെ കവറിംഗ് ലെറ്റർ ഉൾപ്പെടെയുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുമ്പോൾ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി)കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ എം.എൽ.എ യുടെ ശുപാർശ കത്ത് ഉൾപ്പെടെ ഇലക്ട്രോണിക് വീൽചെയറിനായി ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കുന്ന മുറക്ക് ബന്ധപ്പെട്ട എം.എൽ.എ യെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Jasmin Thomas

സെക്ഷൻ ഓഫീസർ